**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാം ആദിവാസി തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. 1. ഗവ.ഐ.റ്റി.ഐ, കുട്ടമല, തിരുവനന്തപുരം 2. ഗവ.ഐ.റ്റി.ഐ നാട്ടുകാണി, ഇടുക്കി 3. തയ്യൽ പരിശീലന കേന്ദ്രം, റാന്നി, പത്തനംതിട്ട 4. തയ്യൽ പരിശീലന കേന്ദ്രം, മുരുക്കുംവയൽ, കോട്ടയം 5. തയ്യൽ പരിശീലന കേന്ദ്രം, മേലുകാവ്, കോട്ടയം 6. തയ്യൽ പരിശീലന കേന്ദ്രം, കമ്പാലത്തറ, പാലക്കാട് 7. തയ്യൽ പരിശീലന കേന്ദ്രം, ചുങ്കത്തറ, മലപ്പുറം 8. ടെയ്‌ലറിംഗ് & ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ, നിലമ്പൂർ, മലപ്പുറം 9. തയ്യൽ പരിശീലനകേന്ദ്രം, മീനങ്ങാടി, വയനാട് 10. മാതൃകാക്ഷേമ പരിശീലന കേന്ദ്രം, മുത്തങ്ങ, വയനാട് 11. ക്രാഫ്റ്റ് സെന്റർ, കുഞ്ഞോം, വയനാട് 12. ഫാഷൻ ഡിസൈനിംഗ് കം ഗാർമെന്റ് ടെക്നോളജി സെന്റർ, ഞാറനീലി, തിരുവനന്തപുരം 13. പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ, ചേനൻപാറ, തിരുവനന്തപുരം 14. ഫാഷൻ ഡിസൈനിംഗ് കം ഗാർമെന്റ് ടെക്നോളജി സെന്റർ, മൂലമറ്റം, ഇടുക്കി |
| (ബി) | ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നല്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇടുക്കി, വയനാട് ജില്ലകളിൽ പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കൂത്തുപറമ്പ് മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ആദിവാസി മേഖലയായ നരിക്കോട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സാംസ്കാരിക നിലയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത സാംസ്കാരിക നിലയത്തിൽ ആദിവാസികൾക്കായി തൊഴിൽ പരിശീലന കേന്ദ്രം | (ഡി) | ഈ കെട്ടിടത്തിൽ നിലവിൽ വകുപ്പിന്റെ സാമൂഹ്യപഠനമുറി പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | പ്രസ്തുത സാംസ്കാരിക നിലയത്തിൽ ആദിവാസികൾക്കായി ഏതൊക്കെ തൊഴിലുകളിലാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ? | (ഇ) | ഈ കെട്ടിടത്തിൽ നിലവിൽ വകുപ്പിന്റെ സാമൂഹ്യപഠനമുറി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ